**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2667** **13-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരിൽ ഏറെ പേരും അനർഹരാണെന്ന് ധനവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവന്നിരുന്നവരിൽ കുറേ പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംങ് പൂർത്തീകരിച്ചിട്ടും ലിസ്റ്റിൽ അനർഹർ ഉണ്ടെന്ന് ധനവകുപ്പ് അഭിപ്രായപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കാമോ; വിശദാംശം നൽകാമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവന്നിരുന്നവരിൽ ക്ഷേമനിധി ബോർഡു പെൻഷൻ ഉൾപ്പെടെ രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവരെയും മരണപ്പെട്ടവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. 2019 ഡിസംബർ 31 വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്കാണ് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നത്.<br><br>സർക്കാരിൽ ലഭിച്ച നിരവധി പരാതികളുടെ അടിസ്ഥാനത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിവന്നിരുന്ന സർക്കാർ ജീവനക്കാർ, സർവ്വീസ്/ കുടുംബ പെൻഷൻകാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ശേഷം പ്രസ്തുത സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്നവർ, 1000 സി.സി.യിലധികം എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനമുള്ളവർ, രണ്ട് ഏക്കറിലധികം ഭൂമിയുള്ളവർ എന്നിവരെ ബന്ധപ്പെട്ട ഡാറ്റാബേസുകൾ പെൻഷൻ സോഫ്റ്റ്വെയറായ സേവനയുമായി പരിശോധന നടത്തി കണ്ടെത്തിയിട്ടുള്ളതും. അനർഹരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. ഒരു ലക്ഷം രൂപയിലധികം വരുമാനമുള്ളവർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന പരാതികൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ ഭാഗമായാണ് 31.12.2019വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രദേശിക |

| | | | |
|---|---|---|---|
| | | | സർക്കാരുകളിൽ പുതിയ വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. മേൽ പ്രകാരമുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം അതിനനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെൽ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സഹായത്തോടെ ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിലും വിശകലനത്തിലും നിന്നുമാണ് ഇനിയും അനർഹർ ഉണ്ടെന്നുള്ള നിഗമനത്തിൽ എത്തിയിട്ടുള്ളത്. |
| (സി) | ലിസ്റ്റിൽ അനർഹർ ഉണ്ടെന്ന ധനവകുപ്പിന്റെ കണ്ടെത്തൽ ഏതു അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവന്നിരുന്നവരിൽ ക്ഷേമനിധി ബോർഡു പെൻഷൻ ഉൾപ്പെടെ രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവരെയും മരണപ്പെട്ടവരെയും സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. 2019 ഡിസംബർ 31 വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്കാണ് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നത്.<br><br>സർക്കാരിൽ ലഭിച്ച നിരവധി പരാതികളുടെ അടിസ്ഥാനത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിവന്നിരുന്ന സർക്കാർ ജീവനക്കാർ, സർവ്വീസ്/ കുടുംബ പെൻഷൻകാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ശേഷം പ്രസ്തുത സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്നവർ, 1000 സി.സി.യിലധികം എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനമുള്ളവർ, രണ്ട് ഏക്കറിലധികം ഭൂമിയുള്ളവർ എന്നിവരെ ബന്ധപ്പെട്ട ഡാറ്റാബേസുകൾ പെൻഷൻ സോഫ്റ്റ്വെയറായ സേവനയുമായി പരിശോധന നടത്തി കണ്ടെത്തിയിട്ടുള്ളതും. അനർഹരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. ഒരു ലക്ഷം രൂപയിലധികം വരുമാനമുള്ളവർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്ന പരാതികൾ പരിശോധിച്ചു ബോധ്യപ്പെട്ടതിന്റെ ഭാഗമായാണ് 31.12.2019വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾ ബന്ധപ്പെട്ട പ്രദേശിക സർക്കാരുകളിൽ പുതിയ വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. മേൽ പ്രകാരമുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം അതിനനുസൃതമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെൽ, ഇൻഫർമേഷൻ കേരള മിഷൻ എന്നിവയുടെ സഹായത്തോടെ ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിലും വിശകലനത്തിലും നിന്നുമാണ് ഇനിയും അനർഹർ ഉണ്ടെന്നുള്ള നിഗമനത്തിൽ എത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ